ഉത്തരം

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് ഈ സാമ്പത്തിക വർഷം മുതൽ മൂല്യാനുപാതിക (Advalorem) ഡ്യൂട്ടി വ്യവസ്ഥ മാറ്റി നിശ്ചിത (Specific) ഡ്യൂട്ടി വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി വിലകൂടിയ മദ്യങ്ങളുടെ നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

(ബി) കൂടുതൽ വിലയുള്ള മദ്യങ്ങളുടെ നികുതി കുറയ്ക്കുമ്പോൾ ആ തരത്തിലുള്ള മദ്യത്തിന്റെ വില്പന കൂടുന്നതിന്റെ ഫലമായി നികുതി പിരിവ് വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പിന്നിട്ട രണ്ട് മാസത്തെ കണക്കുകൾ പ്രകാരം 2003-2004 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 40.60 കോടി രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വരുമാന വർദ്ധനവിന്റെ ഒരു കാരണം വിലകൂടിയ മദ്യത്തിന്റെ വില്പനയിലുണ്ടായ വർദ്ധനവാണ്.

ബാർ ലൈസൻസുകൾ പുതുക്കുന്ന നടപടി

118 [1097] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

„ ജി. പ്രതാപവർമ്മ തമ്പാൻ:

„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസുകൾ പുതുക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) നിലവിലുള്ള ബാർ ലൈസൻസ് എന്തെല്ലാം കാരണങ്ങളിലാണ് പുതുക്കി നൽകാത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയന്ത്രണങ്ങൾ നിലവിലിരിക്കെ ഈ വർഷം ബാർ ലൈസൻസ് പുതുക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ബാറുകളുടെ ലൈസൻസുകളാണ് പുതുക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ലൈസൻസ് ഫീസ് അടച്ച്, അപേക്ഷ നൽകുന്ന ഏതൊരു ലൈസൻസിയുടേയും ബാർ ലൈസൻസ് താഴെപ്പറയുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി പുതുക്കി നൽകാറുണ്ട്:

1. ലൈസൻസിന്റെയോ ലൈസൻസ് നൽകിയിരിക്കുന്ന പരിസരത്തിന്റെയോ, പരിധി, സ്വഭാവം ഉള്ളടക്കം എന്നിവയ്ക്ക് മാറ്റമുണ്ടാകരുത്.

2. അബ്കാരി കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ 50 ശതമാനം അടച്ചതായി തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കണം.

(ബി) മുകളിൽ (എ)-യിൽ പറഞ്ഞ നിയന്ത്രണങ്ങൾക്ക് വിധേയമായി അതത് ജില്ലകളിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരാണ് ബാർ ലൈസൻസുകൾ പുതുക്കി നൽകുന്നത്.

(സി) ലൈസൻസ് നിബന്ധനകൾ ലംഘിക്കുകയോ, ടി ലൈസൻസ് കൈവശം വെയ്ക്കുന്നതിന് ഏതെങ്കിലും കാരണത്താൽ അയോഗ്യനാക്കുകയോ ചെയ്താലും ലൈസൻസ് പുതുക്കി നൽകാതിരുന്നിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ നിയന്ത്രണങ്ങൾക്ക് വിധേയമായും, ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും ഉത്തരവുകൾ അനുസരിച്ചും ലൈസൻസുകൾ പുതുക്കി നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് 2003-2004 വർഷത്തിൽ പ്രവർത്തിച്ചിരുന്ന ബാർ ലൈസൻസുകളിൽ ഇടുക്കി ജില്ലയിലെ ഹോട്ടൽ പെരിയാർ വ്യൂന്റെയും, കൊല്ലം ജില്ലയിലെ ഹോട്ടൽ ഹിൽവേയുടേയും ഒഴികെയുള്ള എല്ലാം പുതുക്കി നൽകിയിട്ടുണ്ട്.

ഹൈക്കോടതി ഉത്തരവ് പ്രകാരം പുതുക്കി നൽകിയ ഹോട്ടലുകൾ താഴെപ്പറയുന്നവയാണ്:

1. ഹോട്ടൽ അപ്സര, ചാലക്കുടി.
2. ഹോട്ടൽ വോൾഗ, തൃശ്ശൂർ.
3. ഹോട്ടൽ ഹൈവേ, തൃശ്ശൂർ.
4. ജോളി ബാർ, തൃശ്ശൂർ.
5. ബ്ലിസ് ഹോട്ടൽ, വാടാനാപ്പിള്ളി.
6. ഹോട്ടൽ അപ്സര, പാലക്കാട്.
7. ഹോട്ടൽ സനാന, എറണാകുളം.

(സർക്കാരിനനുകൂലമായ കോടതി ഉത്തരവിൻപ്രകാരം ബാർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.)

8. മോഡേൺ ഹോട്ടൽ, കുണ്ടറ.
9. സിറ്റി ബാർ, തിരുവനന്തപുരം.
10. സിറ്റിലൈറ്റ്, തിരുവനന്തപുരം.
11. ഹോട്ടൽ പഞ്ചവടി, തൃശ്ശൂർ.
12. ഹോട്ടൽ വൃന്ദാവ, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly